# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2712 14.02.2013-ൽ മറുപടിക്ക്**

## റാന്നി താലൂക്കിലെ കൊല്ലമുള പദ്ധതി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി, താലൂക്കിലെ കൊല്ലമുള പദ്ധതിക്ക് ആദ്യ ഘട്ടമായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ;<br>(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) റാന്നി, താലൂക്കിലെ കൊല്ലമുള പദ്ധതിക്ക് ആദ്യ ഘട്ടമായി എസ്.എൽ. എസ്.എസ്.സി -ൽ 800 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ചെറുകോൽ - നാരങ്ങാനം, വടശ്ശേരിക്കര - പടയനിപ്പാറ എന്നീ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് ഓരോ പദ്ധതിയുടേയും വിശദാശങ്ങൾ സഹിതം വ്യക്തമാക്കുമോ; എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; | (സി) നിലവിലുള്ള ചെറുകോൽ - നാരങ്ങാനം പദ്ധതി വിപുലീകരിക്കാനുള്ള സർവ്വെ വർക്കുകൾ ആരംഭിച്ച് 6 മാസത്തിനകം പൂർത്തീകരിച്ച് പദ്ധതിയുടെ ഡി.ഇ.ആർ തയ്യാറാക്കാവുന്നതാണ്.<br>2007-08- ൽ കമ്മീഷൻ ചെയ്ത നാരങ്ങാനം - ചെറുകോൽ പദ്ധതിയും 30 വർഷം പഴക്കമുള്ള വടശ്ശേരിക്കര ഗ്രാമീണ പദ്ധതിയുമാണ് നടന്നു വരുന്നത്. പടയനിപ്പാറ എന്ന സ്ഥലം 30 വർഷം പഴക്കമുള്ള ചിറ്റാർ പദ്ധതിയുടെ വിതരണ ശൃംഖലയിൽ ഉൾ പ്പെടുന്ന ചെറിയ ഒരു പ്രദേശമാണ്. പടയനിപ്പാറ എന്ന പേരിൽ ഒരു ശുദ്ധജല വിതരണ പദ്ധതി നിലവിലില്ല. |

| | | | |
|---|---|---|---|
| (ഡി) | പെരുനാട് - അത്തിക്കയം പദ്ധതിയുടെ ഡി.ഇ.ആർ. പൂർത്തിയാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടകളാണ് ഇനിയും പൂർത്തിയാക്കാനുള്ളത് ? | (ഡി) | പെരുനാട് - അത്തിക്കയം ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 14 കോടി രൂപയുടെ ഭരണാനുമതി 26/05/2012 ൽ നൽകി. മുണ്ടൻമല ഭാഗത്ത് ജലശുദ്ധീകരണ ശാല നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇവിടെ ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ പെരുനാട് ഗ്രാമ പഞ്ചായത്തിന് സാധിക്കാതെ വന്നതിനാൽ ബഥനി മലഭാഗത്ത് സ്ഥലം കണ്ടെത്തുകയുണ്ടായി. അവിടെ ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനും പമ്പിംഗ് മെയിനുകൾ സ്ഥാപിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ച് വരുന്നു. ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് ബഥനി മലയിലെ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ജല അതോറിറ്റിക്ക് നൽകണം. കൂടാതെ നാറാണംമൂഴി പഞ്ചായത്തിലെ ജല സംഭരണികൾ നിർമ്മിക്കുവാനുള്ള സ്ഥലവും പഞ്ചായത്ത് അധികാരികൾ ഏറ്റെടുത്ത് നൽകിയിട്ടില്ല. ആയതിനാൽ നാറാണംമൂഴിയിലേക്കുള്ള പമ്പിംഗ് മെയിനുകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പെരുനാട് ഗ്രാമ പഞ്ചായത്തും നാറാണംമൂഴി ഗ്രാമ പഞ്ചായത്തും സ്ഥലം ഏറ്റെടുത്ത് ജല അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ